E- 191320/2022




From

വിമൽ. സി.പി
കിഴക്കേവീട്ടിൽ ഹൗസ്
നടുവത്ത് പി.ഒ
വണ്ടൂർ
മലപ്പുറം - 679 328

To

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്
അഞ്ചാം നില , വികാസ് ഭവൻ
പി.എം.ജി
തിരുവനന്തപുരം - 695 033

സർ,

വിഷയം:- വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

---------

താഴെ കൊടുത്തിട്ടുള്ള എന്റെ ചോദ്യങ്ങൾക്ക് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് മറുപടി തരാനപേക്ഷ.

1. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്? ഓഫീസുകളുടെ മേൽവിലാസം, ഫോൺ നമ്പർ എന്നിവ വിശദമാക്കുക?

2. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ എത്ര ടൈപ്പിസ്റ്റ് തസ്തികകളുണ്ട്? ആയതിൽ പി.എസ്.സി വഴി നിയമിതരായി ജോലിചെയ്യുന്ന എത്രപേരുണ്ട്? കരാർ, ദിവസവേതനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായി ജോലിചെയ്യുന്ന എത്രപേരുണ്ട്?

3. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്? ഏതൊക്കെ ഓഫീസിലാണ് ഒഴിവുകൾ നിലവിലുള്ളത്?

4. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെ ഗ്രേഡിലാണെന്നും, ഒഴിവുകൾ നിലവിൽ വന്നതെങ്ങനെയാണെന്നും വ്യക്തമാക്കാമോ?

5. ചോദ്യം 3ലെ ഉത്തര പ്രകാരം ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ഫയൽ നമ്പറും തീയതിയും വ്യക്തമാക്കുക. റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

6. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ വകുപ്പ് ഹെഡ് ക്വാർട്ടേഴ്സിലേക്ക് തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ഒഴിവുകളുടെ എണ്ണവും അതറിയിച്ചതിന്റെ ഫയൽ നമ്പർ, തീയതി എന്നിവയും വ്യക്തമാക്കാമോ

7. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ 2019 സെപ്റ്റംബർ 1 നും 2022 ജൂൺ 30 നും ഇടയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ റിട്ടയർമെന്റ്, അന്തർ വകുപ്പുമാറ്റം, അന്തർജില്ല മാറ്റം, കാറ്റഗറി മാറ്റം, ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യൽ, ഡെപ്യൂട്ടേഷൻ അല്ലെങ്കിൽ മറ്റ് തരത്തിൽ എത്ര ഒഴിവുകൾ ഉണ്ടായി? അതിൽ എത്ര എണ്ണം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തു? ആയതിന്റെ തീയതിയും ഫയൽ നമ്പറും തീയതിയും തരാൻ അപേക്ഷ. റിപ്പോർട്ട് ചെയ്തിട്ടില്ല എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുക

8. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിലുള്ള വിവിധ ഓഫീസുകളിൽ നിന്നും 2022 ജൂലൈ ഒന്നു മുതൽ 2023 നവംബർ 30 വരെ ഉള്ള കാലയളവുകളിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പേരും തസ്തികയും ഓഫീസ് അഡ്രസ്സും വിരമിക്കുന്ന തീയതിയും അനുവദിക്കാമോ?

9. താങ്കളുടെ വകുപ്പിൽ മലപ്പുറം ജില്ലയിൽ എത്ര ടൈപ്പിസ്റ്റ് തസ്തികകൾ ആശ്രിത നിയമനം, അന്തർ ജില്ലാ/ വകുപ്പ് മാറ്റം അല്ലെങ്കിൽ മറ്റ് ആവശ്യങ്ങൾക്കായി നീക്കി വെച്ചിട്ടുണ്ട് ?

10. താങ്കളുടെ മറുപടി തൃപ്തികരമല്ലെങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട അപ്പീൽ അധികാരിയുടെ പേരും മേൽവിലാസവും ഏവ ?

വണ്ടൂർ

12 -06-2022

വിശ്വസ്തതയോടെ,

Vimal

വിമൽ. സി. പി